IT SECTION
10.12.2012 (Started & Continued)
T/o to 11.12.2012
Continued

പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 10-12-2012-ൽ മറുപടിയ്ക്ക്

<u>നിയമവിരുദ്ധമായ ഫോൺ ചോർത്തൽ</u>

<u>ചോദ്യം</u>

ശ്രീ. എളമരം കരീം
ശ്രീ. കെ.കെ. ജയചന്ദ്രൻ
ശ്രീ. റ്റി.വി. രാജേഷ്
ശ്രീ. കെ.വി. വിജയദാസ്

(എ) സംസ്ഥാനത്ത് ജനപ്രതിനിധികൾ ഉൾപ്പെടെ രാഷ്ട്രീയ പ്രവർത്തകരുടെ ഫോൺ കോളുകൾ പോലീസ് നിരന്തരം ചോർത്തുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും ജനപ്രതിനിധികളുടെയോ രാഷ്ട്രീയ പ്രവർത്തകരുടെയോ, മാധ്യമ പ്രവർത്തകരുടേയോ ജൂഡീഷ്യൽ ഓഫീസർമാരുടെയോ ഫോൺ കോളുകൾ ചോർത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഫോൺകോൾ ചോർത്തുന്നതിന് അനുവാദം നൽകുന്നത് രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട ഏതെല്ലാം സാഹചര്യത്തിലായിരിക്കണമെന്നും അത് സംബന്ധിച്ച നിയമവ്യവസ്ഥകളും വിശദമാക്കാമോ; ഫോൺ ചോർത്തലിന് ഐ.ടി. ആക്ടിന്റെ പരിരക്ഷ കിട്ടുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

<u>മറുപടി</u>

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും

രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ മുതലായ കാര്യങ്ങൾ പരിഗണിച്ച് ഒരു വ്യക്തിയുടെ മൗലിക സ്വാതന്ത്ര്യത്തിന്മേൽ യുക്തിപൂർവ്വകമായ നിയന്ത്രണങ്ങൾ (Reasonable restrictions) ഏർപ്പെടുത്തുന്നതിനുള്ള ഭരണഘടനാവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1885-ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5 (2), 2000-ലെ ഇൻഫർമേഷൻടെക്നോളജി ആക്ടിലെ വകുപ്പ് 69, എന്നിവയിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരമാണ് ടെലഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് അനുമതി നല്കുന്നത്. ടെലഫോൺ വഴിയുള്ള ആശയവിനിമയങ്ങൾ പരിശോധിക്കേണ്ടത് അത്യാവശ്യമാണെന്ന് കാണുമ്പോഴാണ് ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനുമതി നൽകുന്നത്. ആഭ്യന്തര വകുപ്പ് സെക്രട്ടറിയാണ് ഇതിനായി ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ഇപ്രകാരം നിയമാനുസൃതം പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ലാതെ ഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കാറില്ല. നിയമവിധേയമായിട്ടല്ലാതെ ഫോൺ കോളുകൾ പോലീസ് ചോർത്തുന്ന സ്ഥിതിവിശേഷം നിലവിലില്ല. ആരുടെയൊക്കെ ഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കാൻ അനുമതി നൽകി എന്ന കാര്യം വെളിപ്പെടുത്താനാവില്ല.

(ഡി) നിയമവിരുദ്ധമായ ഫോൺ ചോർത്തൽ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഫോൺ സംഭാഷണങ്ങൾ ചോർത്തുന്നു എന്നാരോപിച്ചുകൊണ്ട് ശ്രീ. പി. ജയരാജൻ സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിച്ച പരാതിയിൽ എ.ഡി.ജി.പി. (ക്രൈംസ്) അന്വേഷണം നടത്തിയതിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് നിയമവിരുദ്ധമായി യാതൊരുവിധത്തിലുള്ള ഫോൺ ചോർത്തലുകളും ഉണ്ടായിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഫോൺ കോളുകൾ നിരീക്ഷിക്കപ്പെടുന്നു എന്നും ആയത് തടയണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സി.പി.ഐ. (എം) കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ, ശ്രീ. എളമരം കരീം, എം.എൽ.എ. എന്നിവർ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്.

(ഇ) ഏത് സംവിധാനം ഉപയോഗിച്ച് ആരുടെയെല്ലാം നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ് ഫോൺ കോളുകൾ ചോർത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഇ) ഇന്ത്യൻ ടെലഗ്രാഫ് ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് ഒരാളുടെ ഫോൺ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് അനുമതി നൽകുന്നത്. തുടർ നടപടികൾ കൈക്കൊള്ളുന്നത് ബന്ധപ്പെട്ട സേവനദാതാവുമാണ്.

സെക്ഷൻ ഓഫീസർ